# വലിയേട്ടൻ*




ഇരുളാർന്ന രാത്രിയിൽക്കേട്ടു വീണ്ടും
നിൻ കാലടിയൊച്ച പടികളിൽ ഞാൻ.

പരിചിതമിന്നുമാശബ്ദമെൻെറ
കരളിനെ നുള്ളിയുണർത്തിയല്ലോ.

മുകളിലേയ്ക്കോടിക്കയറിടുമ്പോൾ
ധൃതിയിൽ നീ താഴേയ്ക്കിറങ്ങിടുമ്പോൾ

അറിയാമെനിക്കു തിരിച്ചറിയാം
പലനാളു കേട്ട കാലൊച്ചകളെ.

ചിതൽ തിന്ന കോണിപ്പടികളായി–
ട്ടറിയാതെ മാറിക്കഴിഞ്ഞുവോ ഞാൻ?

ഒരു പ്രേതമെന്നപോൽ ഭൂതകാലം
മുകളിൽച്ചവിട്ടി നടന്നിടുന്നു.

ഒരു തുണ്ടടരുന്നിതെന്നിൽ നിന്നും
അറിയാതെ താഴെക്കൊഴിഞ്ഞിടുന്നു.

' പഴകിയ കോണിപ്പടികളാണേ
ചിതൽ തിന്ന കോണിപ്പടികളാണേ

ഇതുവിധം ചാടിയിറങ്ങിടൊല്ലേ്
അരികിൽ വന്നമ്മ പറഞ്ഞിരുന്നു.

' മുട്ടനിരുമ്പാണി വച്ച നിൻെറ
കട്ടിച്ചെരുപ്പിട്ടു തുള്ളിയാലേ

തകരുമീക്കോണിയെന്നോർമ്മ വേണം
അരികിൽ വന്നമ്മ പറഞ്ഞിരുന്നു.

വലിയേട്ട! നിൻമുറി തൂത്തുവാരും
അരു കൊച്ചുപെണ്ണിനെയോർമ്മയുണ്ടോ?

നിറയെക്കടലാസു പൂവിനായി
ചെറിയ മയിൽപ്പീലിത്തുണ്ടിനായി

നിഴലു പോലെന്നും പുറകെയോടും
കുസൃതിക്കുരുന്നിനെയോർമ്മയുണ്ടോ?

വിളറിത്തണുത്ത പുലരികളും
നിറമുള്ള ഹേമന്തസന്ധ്യകളും

വരികയും പോകയും ചെയ്തിടുമ്പോൾ
അറിയുന്നു നീ തിരിച്ചെത്തുകില്ല.

ചിറകുകൾ വാടിക്കൊഴിഞ്ഞു വീണു
പതിനൊന്നുവർഷമടർന്നു വീണു.

ഒരു സ്വപ്നത്തിന്റെ ചിറകിലേറി
അരികിലെത്തുന്നു നീ വല്ലനാളും.

ഒരുവേള കണ്ടുമുട്ടീടുകിൽ നാം
അറിയുമോ കൊച്ചനുജത്തിയെ നീ?

ഇരുളാർന്ന രാത്രിയിലിന്നലെയെൻ
പടികളിൽ നിന്റെ കാലൊച്ച കേട്ടു.

പരിചിതമാണെനിക്കിപ്പൊഴുമാ–
പ്പലനാളു കേട്ടു മറന്ന ശബ്ദം.

വലിയേട്ട! നീ വെറും പൂഴിമണ്ണിൽ
ഒരു പിടിച്ചാരമായ് ചേർന്നുവല്ലോ.

ചിതൽ തിന്ന കോണിപ്പടികളായി–
ക്കഴിയുന്നു ഞാനീപ്പഴയ വീട്ടിൽ.■ 1978 ***SAW DUST - Wong May**